KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**10 06 09**

# താരപ്പൊലിമയിൽ കൊച്ചിയിൽ രക്തദാനക്യാമ്പ്

കൊച്ചി: താരപ്പൊലിമ കൊണ്ടും നൂറുകണക്കിനു രക്തദാതാക്കളുടെ പങ്കാളിത്തംകൊണ്ടും ചരിത്രം കുറിച്ച് എറണാകുളത്ത് മെഗാ രക്തദാനക്യാമ്പ് നടന്നു.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ കലൂർ ഐ.എംഎ ഹൗസിൽ സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ തുടക്കത്തിൽ തന്നെ രക്തം ദാനം ചെയ്യാനെത്തിയത് ഈ വർഷത്തെ മികച്ച നടിക്കുള്ള സംസ്ഥാന അവാർഡ് ജേത്രിയായ ചലച്ചിത്രതാരം പ്രിയങ്കയാണ്. പ്രിയങ്കയ്ക്കു പിന്തുണയുമായി തിരക്കഥാകൃത്ത് ആര്യാടൻ ഷൗക്കത്തുമുണ്ടായിരുന്നു. രക്തദാനത്തിനു സന്നദ്ധരായി മുന്നോട്ടു വന്ന താരങ്ങൾ രക്തം ദാനം ചെയ്യാനെത്തിയ വിദ്യാർഥികൾ ഉൾപ്പെടെയുള്ള സന്നദ്ധപ്രവർത്തകർക്ക് ആവേശമായി.

രാവിലെ 10 മണിക്ക് ഐ.എം.എ ഹൗസിൽ നടന്ന ചടങ്ങിൽ കൊച്ചി മേയർ പ്രൊഫ. മേഴ്സി ജെ.വില്ല്യംസ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. സാമൂഹികക്ഷേമ വകുപ്പ് സെക്രട്ടറിയും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുമായ ഡോ. ഉഷ ടൈറ്റസ് ഐ.എ.എസ് അധ്യക്ഷയായിരുന്നു.

സാമൂഹിക വിഷയങ്ങളിൽ കലാകാരനു ശ്രദ്ധക്ഷണിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ എന്ന് ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത ആര്യാടൻ ഷൗക്കത്ത് ചൂണ്ടിക്കാട്ടി. കഴിവിന്റെ പരമാവധി ആ കടമ നിർവഹിച്ചുണ്ടെന്നാണ് വിശ്വാസം. സാമൂഹിക വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഏറ്റവുമധികം രചന നടത്തിയിട്ടുള്ളതെന്നും ഷൗക്കത്ത് പറഞ്ഞു. കോളേജിൽ പഠിക്കുമ്പോൾ എൻഎസ്എസിന്റെ വോളണ്ടിയറായിരുന്ന താൻ മുമ്പു രണ്ടു തവണ രക്തദാനം നടത്തിയിട്ടുണ്ടെന്ന് പ്രിയങ്ക പറഞ്ഞു. അത്യാവശ്യഘട്ടങ്ങളിൽ രക്തം ലഭിക്കാൻ ബുദ്ധിമുട്ടുന്നവരെ കണ്ടിട്ടുണ്ട്. അവരുടെ വേദന മനസിലായതു കൊണ്ടാണ് രക്തദാനത്തിൽ താത്പര്യം തോന്നിയത്. സർക്കാരിന്റെ പ്രചാരണ പരിപാടിയിൽ പങ്കാളിയാകാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും പ്രിയങ്ക പറഞ്ഞു.

പ്രിയങ്കയുടെ രക്തം എ നെഗറ്റീവാണെന്നു പറഞ്ഞപ്പോൾ, റെയർ ഗ്രൂപ്പിൽപ്പെട്ടതിനാൽ കുറച്ചധികം എടുത്തു കൊള്ളാനായിരുന്നു ആര്യാടൻ ഷൗക്കത്തിന്റെ കമന്റ്.

ജൂൺ 14 ലോക രക്തദാതാദിനമാണ്. ഇതിനു മുന്നോടിയായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഈ മാസം എട്ടു മുതൽ 14 വരെ രക്തദാന വാരാചരണം നടന്നു വരികയാണ്. ഇതിന്റെ ഭാഗമായാണ് എറണാകുളത്ത് മെഗാ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചത്. നൂറു ശതമാനം സന്നദ്ധ രക്തദാനം എന്നതാണ് ഈ വർഷത്തെ ലോക രക്തദാതാദിന മുദ്രാവാക്യം.

എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ കെ.ടി രമണി, കൊച്ചി നഗരസഭ കൗൺസിലർ കെ.വി മനോജ് എന്നിവർ ചടങ്ങിൽ ആശംസ നേർന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ബ്ലഡ് സേഫ്റ്റി ജോയിന്റ് ഡയറക്ടർ ഡോ. സുശീല ഇന്ന സ്വാഗതവും അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി. വേലായുധൻ നന്ദിയും പറഞ്ഞു.

എറണാകുളത്തെയും പരിസരപ്രദേശങ്ങളിലെയും വിവിധ കോളജുകളിൽ നിന്നുള്ള റെഡ് റിബൺ ക്ലബ് അംഗങ്ങളായ വിദ്യാർഥികൾ, പോലീസ് സേനാംഗങ്ങൾ, ഡി.എം.ഒ ഓഫീസ് ജീവനക്കാർ, കെ.സി.വൈ.എം പ്രവർത്തകർ, കൊച്ചിൻ പോർട്ട് ഹോസ്പിറ്റൽ, അങ്കമാലി ടെൽക്ക്, എഫ്.ഐ.ടി ആലുവ, ഐ.എം.എ, എന്നിവിടങ്ങളിലെ ജീവനക്കാർ, കൊച്ചിൻ ബ്ലഡ് ഡോണേഴ്സ് ഫോറം, സ്മൂത്ത് റൈഡേഴ്സ്, നെഹ്റു യുവ കേന്ദ്ര പ്രവർത്തകർ, മറ്റു വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുൾപ്പെടെ മുന്നൂറോളം പേർ രക്തദാനം നടത്തി.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**